"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

കോഴിക്കോട് ജില്ലയിൽ പ്രവർത്തിക്കുന്ന നെസ്റ്റ് സ്പെഷ്യൽ നീഡ് ഹോം എന്ന സ്ഥാപനത്തിനു - 2023 മാർച്ച് 1 മുതൽ 2023 ഒക്ടോബർ 31 വരെ ചെലവഴിച്ച തുക - അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിത ശിശു വികസന (സി) വകുപ്പ്**

G.O.(Rt)No.209/2024/WCDD തീയതി,തിരുവനന്തപുരം, 19-06-2024

---

പരാമർശം:-
1. 26.03.2024 ലെ സ.ഉ(സാധാ) 130/2024-വശിവിവ നമ്പർ ഉത്തരവ്
2. വനിത ശിശു വികസന ഡയറക്ടറുടെ 28.05.2024 ലെ ഡിഡബ്ലൃസിഡി/3047/2022-ഐസിപിഎസ് 14 നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടിയിൽ സ്ഥിതി ചെയ്യുന്ന നെസ്റ്റ് സ്പെഷ്യൽ നീഡ് ഹോം എന്ന സ്ഥാപനത്തിനു 01.03.2023 മുതൽ 31.10.2023 വരെ സ്ഥാപനം ചെലവഴിച്ച തുകയായ 22,71,273 രൂപ (ഇരുപത്തി രണ്ട് ലക്ഷത്തി എഴുപത്തിയൊന്നായിരത്തി ഇരുന്നൂറ്റി എഴുപത്തി മൂന്ന് രൂപമാത്രം) 2235-02-102-36(02) പ്ലാൻ ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിനു പരാമർശം (1) പ്രകാരം അനുമതി നൽകിയിരുന്നു. 2023-24 സാമ്പത്തിക വർഷം അവസാനിച്ച സാഹചര്യത്തിൽ പരാമർശം (1) ഉത്തരവിന്മേൽ കൈകാര്യം ചെയ്യേണ്ടതായ ബില്ല് മാറാൻ സാധിച്ചിട്ടില്ലായെന്നും, ആയതിനാൽ നെസ്റ്റ് എന്ന സ്ഥാപനത്തിനു 01.03.2023 മുതൽ 31.10.2023 വരെ ചെലവഴിച്ച തുകയായ 22,71,273 രൂപ നടപ്പ് സാമ്പത്തിക വർഷം 2235-02-102-36(02) ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനു അനുമതി നൽകണമെന്ന് പരാമർശം (2) പ്രകാരം വനിത ശിശു വികസന ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചു.

2) സർക്കാർ വിഷയം വിശദമായി പരിശോധിച്ചു. കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടിയിൽ സ്ഥിതി ചെയ്യുന്ന നെസ്റ്റ് സ്പെഷ്യൽ നീഡ് ഹോം എന്ന സ്ഥാപനത്തിനു 01.03.2023 മുതൽ 31.10.2023 വരെ സ്ഥാപനം ചെലവഴിച്ച 22,71,273 രൂപ (ഇരുപത്തി രണ്ട് ലക്ഷത്തി എഴുപത്തിയൊന്നായിരത്തി ഇരുന്നൂറ്റി എഴുപത്തി മൂന്ന് രൂപ) മാത്രം നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-102-36(02) പ്ലാൻ ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനു അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SANTHOSH KUMAR T K
ADDITIONAL SECRETARY

പകർപ്പ്

1) മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് അഡോപ്ഷൻ റിസോഴ്സ് ഏജൻസി & ഡയറക്ടർ , വനിത ശിശു വികസന വകുപ്പ്.

2) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ് എസ് എ,എ&ഇ), കേരളം.

3) ജില്ലാ ശിശു സംരക്ഷണ ഓഫീസർ, കോഴിക്കോട്.

4) ധനകാര്യ വകുപ്പ്.

5) വെബ് & ന്യൂ മീഡിയ.

6) ഓഫീസ് കോപ്പി/ സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Hena. R Raj
സെക്ഷൻ ഓഫീസർ
Date: 19-06-2024 16:56:01